LIBRARY ARCHIVES Kerala Legislative Assembly

ടെണ്ടർ വിളിക്കാതെ നടത്തിയ നിർമ്മാണപ്രവർത്തനങ്ങൾ

125 [436] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിന് കീഴിൽ ടെണ്ടർ നടത്താതെ കൊടുത്ത നിർമ്മാണ പ്രവർത്തനങ്ങൾ ഏതെല്ലാമാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും മൊത്തം എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) & (ബി) വിവരം ശേഖരിച്ചുവരുന്നു.

ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ തീരദേശ റോഡിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കാൻ നടപടി

126 [439] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമിബാധയാൽ തകർന്ന ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പൊഴിക്കര മുതൽ ലക്ഷംവീടുകോളനിവരെയുള്ള തീരദേശ റോഡിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ ഏതുവരെയായി;

(ബി) പ്രസ്തുത പ്രവൃത്തിക്കുള്ള ടെണ്ടർ നടപടികൾ പൂർത്തിയാക്കി കഴിഞ്ഞുവോ;

(സി) പ്രസ്തുത തീരദേശ റോഡിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കി പൊതുജനങ്ങൾക്കായി എന്ന് സമർപ്പിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പണി ആരംഭിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു.

(ബി) ഇല്ല.

(സി) ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കഴിയുന്നതും വേഗം പണി പൂർത്തിയാക്കി ജനങ്ങൾക്ക് സമർപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

അന്നപൂർണ്ണ കാർഡുടമകളാക്കാൻ നടപടി

127 [440] ശ്രീ. സി. പി. മുഹമ്മദ്:
" എം. എ. കുട്ടപ്പൻ:
" എം. കെ. പോൾസൺ മാസ്റ്റർ:
" ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഗണത്തിൽപ്പെടുന്ന റേഷൻ കാർഡുടമകളുണ്ട്;

(ബി) ഓരോ ഗണത്തിലും എത്ര കാർഡുടമകൾ വീതമുണ്ട്;

(സി) സംസ്ഥാനത്തുള്ള വനവാസികളെ മുഴുവൻ അന്നപൂർണ്ണ കാർഡുടമകളായി കണക്കാക്കി അവർക്ക് സൗജന്യ റേഷൻ നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) & (ബി) സംസ്ഥാനത്ത് 4 (നാല്) ഗണത്തിൽപ്പെടുന്ന റേഷൻ കാർഡ് ഉടമകളുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1.	എ.എ.വൈ.	-	595800
2.	ബി.പി.എൽ.	-	1445684
3.	എ.പി.എൽ.	-	4669818
4.	അന്നപൂർണ്ണ കാർഡുകൾ	-	46262

(സി) കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗനിർദ്ദേശങ്ങൾ പ്രകാരം, 65 വയസിനുമേൽ പ്രായമുള്ളവരും കേന്ദ്ര അഗതി പെൻഷന് അർഹതയുണ്ടെങ്കിലും പെൻഷൻ ലഭിക്കാത്തവരുമായ അഗതികളെയാണ് അന്നപൂർണ്ണ പദ്ധതിയുടെ ഗുണഭോക്താക്കളായി കണ്ടെത്തിയിട്ടുള്ളത്. ആയതിനാൽ കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള നിലവിലുള്ള മാനദണ്ഡങ്ങളിൽ അയവുവരുത്തിയാൽ മാത്രമെ മുഴുവൻ വനവാസികൾക്കും അന്നപൂർണ്ണ പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കാൻ സാധിക്കുകയുള്ളൂ.

റേഷൻ കാർഡ് ഉടമസ്ഥരുടെ നിലവിലുള്ള എണ്ണം

128 [441] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര റേഷൻ കാർഡ് ഉടമകൾ ഉണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ എണ്ണം എത്ര എന്ന് അറിയിക്കുമോ;

(സി) ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ (ബി.പി.എൽ.) ലിസ്റ്റിൽ നിന്നും അനർഹമായി റേഷൻ വാങ്ങുന്നവരുടെ എണ്ണം വെട്ടിക്കുറച്ചിട്ടുണ്ടോ; ഇതിനായി എടുത്ത മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിനായി റേഷൻ കടകൾ വഴി സിവിൽ സപ്ലൈസ് കോർപ്പറേഷൻ സർവ്വെ നടത്തിയിട്ടുണ്ടോ എന്ന് പറയുമോ;

(ഇ) നിലവിലുള്ള ലിസ്റ്റിൽ നിന്ന് എത്രപേരെ വെട്ടിക്കുറച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly